LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഗതാഗത യോഗ്യമല്ലാത്ത റോഡുകളുടെ നവീകരണത്തിന് ചുവടെ ചേർത്ത പ്രവൃത്തികൾക്കായി 36 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടുണ്ട്.

ഉപരിതലം പുതുക്കൽ

ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ് കി.മീ.10/000-10/800 (Working Chainage 0/000-10/600)	25 ലക്ഷം
അടിയന്തര പാച്ച് പ്രവൃത്തികൾ	
അമ്പലപ്പാറ-മണ്ണൂർറോഡ് കി.മീ. 0/000-10/725	1.5 ലക്ഷം
അമ്പലപ്പാറ-മേലൂർ-കീഴൂർ റോഡ് കി.മീ. 0/000-9/250	2.00 ലക്ഷം
ലക്കിടി-റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ. 0/000-3/600	1.5 ലക്ഷം
കടമ്പഴിപ്പുറം-ചിരട്ടിമല-വേങ്ങശ്ശേരി റോഡ് കി.മീ. 0/000-5/000	1.5 ലക്ഷം
ഒറ്റപ്പാലം-റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ. 0/000-0/600	1.00 ലക്ഷം
ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ് കി.മീ. 10/000-16/000	3.50 ലക്ഷം

കോഴിക്കോട് കോരപ്പുഴ പാലം

291(3178) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലം പുതുക്കിപ്പണിയുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദമായ വിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിന് 2015-16-ലെ സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ള ഫണ്ട് പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി ഡിസൈൻ തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഡിസൈൻ ഡ്രോയിംങ്ങ് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ പാലത്ത്-പാലോളിത്താഴം റോഡ്

292(3179) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേളന്നൂർ പഞ്ചായത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതിക്കായി കുഴി എടുത്തത് കാരണം കോഴിക്കോട് ജില്ലയിലെ പാലത്ത്-പാലോളിത്താഴം പി.ഡബ്ല്യു.ഡി. റോഡ് അപകടകരമാംവിധം ഗതാഗത യോഗ്യമല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതി നടത്തിപ്പുകാർ സർക്കാരിൽ പണമടച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുക അടച്ചിട്ടുണ്ട്; ഇല്ലെങ്കിൽ എന്തുകൊണ്ട് പണം അടച്ചിട്ടില്ല എന്ന് വ്യക്തമാക്കുമോ;

(സി) അറ്റകുറ്റപ്പണി നടത്തുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതി നടത്തിപ്പുകാർ അനുമതി തേടിയിട്ടുണ്ടോ ; എങ്കിൽ അനുമതി നല്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പാലത്ത്-പാലോളിത്താഴം റോഡ് ചേളന്നൂർ പഞ്ചായത്തിന്റെ അധീനതയിൽ ആയിരുന്ന സമയത്താണ് ജെ.ഐ.സി.എ. പ്രവൃത്തി ആരംഭിച്ചത്. റോഡ് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച സമയത്ത് പ്രസ്തുത ജെ.ഐ.സി.എ. പ്രവൃത്തിക്ക് അനുമതി നൽകിയ വിവരം പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടില്ല. പഞ്ചായത്ത് റോഡുകളിൽ ജെ.ഐ.സി.എ. പൈപ്പ് ഇടാനുള്ള കിടങ്ങുകൾ നന്നാക്കാൻ വേണ്ടി ജെ.ഐ.സി.എ. തന്നെയാണ് റീഫോർമേഷൻ പ്രവൃത്തികളും നടത്തുന്നത്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly